## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2466 | 05.11.2019-ലെ മറുപടിയ്ക്ക്

### ഹാമർ തലയിൽ വീണ് വിദ്യാർത്ഥി മരണപ്പെട്ട സംഭവം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാന ജൂനിയർ അത് ലറ്റിക് മീറ്റിനിടെ ഹാമർ തലയിൽ വീണ് ഗുരുതരമായി പരിക്കേറ്റ അഫീൽ ജോൺസൺ എന്ന വിദ്യാർത്ഥി മരണപ്പെട്ട സംഭവം സംബന്ധിച്ച് കായിക വകുപ്പ് സ്വന്തം നിലയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. 05.10.2019-ലെ സ.ഉ(സാധാ)നം.197/2019/കാ.യു.വ പ്രകാരം ചുവടെ സൂചിപ്പിക്കുന്ന അംഗങ്ങൾ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.<br>1) ഡോ.കെ.കെ.വേണു, ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (റിട്ട), യൂണിവേഴ്സിറ്റി ഓഫ് കേരള (Now working as advisor in PE, APJ Abdul Kalam Technological University, Trivandrum)<br>2) ശ്രീ.എ.പി.സത്യാനന്ദൻ, സായ് അത്ലറ്റിക്സ് കോച്ച് (റിട്ട)<br>3) ശ്രീ.വി.ഡിജു, ഒളിമ്പ്യൻ ബാഡ്മിന്റൺ പ്ലേയർ (അർജ്ജുന അവാർഡ് ജേതാവ്) മാനേജർ, ഒ.എൻ.ജി.സി ചെന്നൈ). |
| (ബി) | പ്രസ്തുത വിദ്യാർത്ഥിക്ക് അപകടം സംഭവിച്ച ഉടനെ തന്നെ കായികവകുപ്പ് ഉദ്യോഗസ്ഥർ വിദ്യാർത്ഥിയെ കാണുന്നതിനും കുടുംബവുമായി സംസാരിക്കുന്നതിനും തയ്യാറായിരുന്നുവോ; | (ബി) | കായികയുവജനകാര്യ ഡയറക്ടറും, അഡീഷണൽ ഡയറക്ടറും ആശുപത്രിയിൽ വിദ്യാർത്ഥിയെ സന്ദർശിച്ച് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയിരുന്നു. |
| (സി) | ജാവലിൻ ത്രോയും ഹാമർ ത്രോയും ഒരേ സമയത്തും അകലം പാലിക്കാതെയും നടത്തിയ പിഴവാണ് യഥാർഥ അപകടകാരണം എന്ന് | (സി) | പ്രസ്തുത അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ അപകടത്തിന് കാരണമായ അപാകതകളിൽ ഒന്നായി, ജാവലിൻ ത്രോയും ഹാമർ ത്രോയും ഒരേ സമയത്ത് സംഘടിപ്പിക്കാൻ വേണ്ടി ചെയ്ത |

| | | | |
|---|---|---|---|
| | വിലയിരുത്തിയിട്ടുണ്ടോ; | | ക്രമീകരണങ്ങളിൽ വന്ന പാളിച്ചയാണ് അപകടകാരണമെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിലുള്ള അപകടങ്ങൾ സംഭവിക്കാതിരിക്കാൻ കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് നടത്തപ്പെടുന്ന കായികമേളകളിൽ ഇനിയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിന് സർക്കാർ കർശന നിർദ്ദേശം നൽകിയതിന്റെ ഭാഗമായി സ്കൂൾ മീറ്റിന് ജില്ലാതല മത്സരങ്ങൾ മുതലുള്ളവയ്ക്ക് കായികയുവജന കാര്യാലയത്തിലേയോ സംസ്ഥാന സ്പോർട്സ് കൗൺസിലിലേയോ ഒരു സീനിയർ കോച്ചിനെ നിർദ്ദേശങ്ങൾ നൽകുന്നതിനായി നിയോഗിക്കുന്നതിനും കൂടാതെ ഈ വർഷത്തെ സംസ്ഥാന സ്കൂൾ കായികോത്സവത്തിന്റെ ഉപജില്ലാ, ജില്ലാ, സംസ്ഥാന മത്സരങ്ങൾ നടത്തുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ത്രോ ഇനങ്ങൾ ഒരു സമയത്ത് ഒരു ഐറ്റം മാത്രമേ നടത്താവൂ എന്നതിനെക്കുറിച്ചും വിശദമായ സർക്കുലർ എല്ലാ വിദ്യാഭ്യാസ ഓഫീസർക്കും നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് വരുംകാലങ്ങളിൽ നടക്കാനിരിക്കുന്ന കായികമേളകളിൽ ഇത്തരം ദാരുണമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള കർശന നടപടികൾ സർക്കാർ സ്വീകരിക്കുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**